**കേരള കാർഷിക സർവകലാശാല വാർത്തകൾ**
**(ജൂലായ് 23 – ജൂലായ് 29, 2021)**
**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2021 – 31** **Dt. 22.07.2021**

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

നെൽപ്പാടങ്ങളിൽ സസ്യസംരക്ഷണ നടപടികൾ കൃത്യമായി സ്വീകരിക്കണം. പോളരോഗം കൂടുതലായി കാണുന്ന സ്ഥലങ്ങളിൽ രോഗബാധ വരാതിരിക്കാനുള്ള മുൻകരുതലായി സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കണം. എല്ലാ വർഷവും ഈ രോഗം കണ്ടു വരാറുള്ള നെൽപ്പാടങ്ങളിൽ പ്രതിരോധശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യണം. ഓലച്ചുരുട്ടിപ്പുഴുവിനെ നിയന്തിക്കുന്നതിനായി ഓലയുടെ മടക്ക് കയർ കൊണ്ട് വലിച്ച് നിവർത്തിയ ശേഷം ബ്യൂവേറിയ എന്ന ജീവാണു കൾച്ചർ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുക. മുഞ്ഞ ബാധ വരാതിരിക്കാനായി 0.5% വീര്യമുള്ള വേപ്പെണ്ണ ഇമൾഷൻ തളിച്ചു കൊടുക്കാം. 10 ലിറ്റർ മിശ്രിതം തയ്യാറാക്കാനായി ചെറു ചൂടു വെള്ളത്തിൽ 50 ഗ്രാം ബാർസോപ്പ് നന്നായി അലിയിച്ച് ചേർത്തതിന് ശേഷം 50 മില്ലി വേപ്പെണ്ണ അരിച്ചു ചേർത്ത് നല്ലതു പോലെ ഇളക്കി ഉപയോഗിക്കാം. നെല്ലിലെ ബാക്ടീരിയൽ ഇല കരിച്ചിൽ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെളളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്.

മെയ് മാസത്തിൽ നട്ട തെങ്ങിൻ തൈകൾക്ക് ഈ മാസം വളം ചേർക്കാം. ഓരോ ചുവട്ടിലും ഒരു കുട്ട ഉണങ്ങിപ്പൊടിഞ്ഞ ചാണകം ഇട്ടു കൊടുക്കണം. ഒരാഴ്ച്ച കഴിഞ്ഞ് തെങ്ങിന്റെ കൂട്ടു വളം 250 ഗ്രാം ചുറ്റും വിതറി കൊത്തിച്ചേർക്കണം. കുഴിക്കു ചുറ്റും വരമ്പ് ബലപ്പെടുത്തി ഒഴുക്കു വെള്ളം പ്രവേശിക്കുന്നത് തടയണം. ചരിവുള്ള സ്ഥലങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ കൈക്കൊള്ളണം. കായ്ക്കുന്ന തെങ്ങുകളുടെ ഓലകൾക്ക് നല്ല പച്ച നിറം കിട്ടാനും എണ്ണയുടെ ഉല്പാദനം കൂട്ടാനും തെങ്ങൊന്നിന് 500 ഗ്രാം വീതം മഗ്നീഷ്യം സൾഫേറ്റ് ചേർക്കുന്നത് നല്ലതാണ്.

തുടർച്ചയായ മഴ മൂലം, തെങ്ങിൽ കൂമ്പുചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5ഗ്രാം) മൂന്നു പായ്ക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്നു കുറേശെയായി കൂമ്പിലേക്കു ഒലിച്ചിറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കാം. അല്ലെങ്കിൽ 1% വീര്യമുളള ബോർഡോമിശ്രിതം 0.2% കൊസൈഡ് പശ ചേർത്ത് തെങ്ങിന്റെ മണ്ടയിൽ മഴയില്ലാത്തപ്പോൾ തളിക്കുക.

തുടർച്ചയായ മഴ മൂലം, വാഴയിൽ എർവിനിയ റോട്ട് രോഗം കാണാനിടയുണ്ട്. നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുന്നതും വാഴത്തടങ്ങളിൽ കുമ്മായം ഇടുന്നതും, നീർച്ചാലുകളിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുന്നതും നല്ലതാണ്. 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് ഒരു ലിറ്റർ വെളളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്കവണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കുന്നത് രോഗപ്രതിരോധശേഷി വർധിപ്പിക്കും. രോഗം ബാധിച്ചാൽ 3 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ

ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്കവണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കണം.

നട്ട് ഒരുവർഷം പ്രായമായ ജാതി തൈയ്ക്ക് യൂറിയ, മസ്സൂറിഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ യഥാക്രമം 45, 90, 90 ഗ്രാം വീതം ചേർക്കാം. രണ്ടു വർഷം പ്രായമായതിന് 90, 180, 180 ഗ്രാം വീതവും ചേർക്കണം. മൂന്നാം വർഷം വളത്തിന്റെ അളവ് ക്രമമായി വർദ്ധിപ്പിച്ച് 15 വർഷം പ്രായമാകുന്നതോടെ മേൽപ്പറഞ്ഞ വളങ്ങൾ 1കിലോ, 1¼ കിലോ, 1¾ കിലോ എന്ന തോതിൽ നൽകണം.

സ്യൂഡോമോണാസ് പൊടി 200 ഗ്രാം വീതം ഓരോ ജാതിയുടേയും ചുവട്ടിൽ ജൈവവളവുമായി ചേർത്ത് ചവറിട്ട് മൂടുന്നതും, ഒരു ലിറ്റർ വെള്ളത്തിൽ 20 ഗ്രാം എന്ന തോതിൽ വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം മഴയുടെ ശക്തി കുറഞ്ഞ മാസങ്ങളിൽ തളിച്ചു കൊടുക്കുന്നതും മരങ്ങളുടെ രോഗപ്രതിരോധ ശക്തി കൂട്ടുന്നതിനും കായ് പിടുത്തം വർദ്ധിപ്പിക്കുന്നതിനും നല്ലതാണ്.

തുടർച്ചയായ മഴമൂലം കുരുമുളകിൽ ദ്രുതവാട്ടരോഗം കാണാനിടയുണ്ട്. രണ്ടു കിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. രോഗം കൂടുന്ന പക്ഷം 1% വീര്യമുള്ള ബോർഡോ മിശ്രിതമോ അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുകയും ചെടിയിൽ തളിച്ചു കൊടുക്കുകയും ചെയ്യുക.

മഴക്കാലത്ത് ജാതി മരങ്ങൾക്ക് ഇലകൊഴിച്ചിൽ, വേരു ചീയൽ, തടിയിൽ നിന്നും കറയൊലിപ്പ് എന്നീ രോഗങ്ങൾ കണ്ടു വരുന്നു. കുമിൾ ബാധ മൂലമുണ്ടാകുന്ന ഈ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ഇലകളിൽ ഒരു ശതമാനം ബോർഡോ മിശ്രിതം തളിക്കുക. കൂടാതെ ചെമ്പു കലർന്ന കുമിൾ നാശിനികളിൽ ഒന്ന് (കോപ്പർ ഹൈഡ്രോക്സൈഡ് 2 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 2.5 ഗ്രാം/ലിറ്റർ വെള്ളത്തിൽ) മരത്തിന് ചുറ്റും തടമെടുത്ത് മരം ഒന്നിന് 10 മുതൽ 20 ലിറ്റർ വരെ എന്ന തോതിൽ മണ്ണിൽ ഒഴിച്ചു കൊടുക്കുക. തായ്ത്തടിയിൽ കറയൊലിക്കുന്ന ഭാഗത്ത് ബോർഡൊ കുഴമ്പ് അല്ലെങ്കിൽ ഹെക്സാകോണാസോൾ 5 മി.ലി/ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ പുരട്ടി മഴകൊള്ളാതെ സൂക്ഷിക്കുക. ബോർഡൊ കുഴമ്പ് തയ്യാറാക്കുന്നതിന് 100 ഗ്രാം നീറ്റുകക്കയും 100 ഗ്രാം തുരിശും ½ ലിറ്റർ വെള്ളത്തിൽ വെവ്വേറെ കലക്കി യോജിപ്പിച്ച് ഉപയോഗിക്കുക.

മഴക്കാലത്ത് പച്ചക്കറികളിൽ മൃദുരോമപ്പൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 20 ഗ്രാം ട്രൈക്കോഡർമ്മ അല്ലെങ്കിൽ 2 ഗ്രാം കർസേറ്റ് എം 8 അല്ലെങ്കിൽ 1 മി.ലി ഇക്വേഷൻ പ്രോ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇട വിട്ട് ഇലയുടെ അടിയിൽ പതിയ്ക്കത്തക്ക വിധത്തിൽ കലക്കി തളിക്കുക.

**അറിയിപ്പ്**

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വ കലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487–2370773
- കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

**നിബന്ധനകൾ**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ടി വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0487–2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്

**ഒപ്പ്/–**
**പ്രൊഫസർ & ഹെഡ്**